[Sri T. K. Narayana Pillai]

ള്ള ഉദ്ദേശത്തോടുകൂടിതന്നെയാണ ഈ ബിൽ അവതരിപ്പിച്ചിട്ടുള്ളത്. ഇതു വ്യക്തികളെ ഏതെല്ലാം വിധത്തിൽ സ്പർശിച്ചാലും എല്ലാവർക്കും ഒന്നുപോലെ അനുഭവിക്കാൻ സാധ്യമാകുമെന്നുമാത്രമെ ഈ അവസരത്തിൽ പറയണമെന്നു ഞാൻ വിചാരിക്കുന്നുള്ളു. എതായാലും എന്റെ ബഹുമാന്യ സ്നേഹിതന്മാർ ഇവിടെ ഉന്നയിച്ചിട്ടുള്ള വാദപ്രതിവാദങ്ങളെല്ലാം സെലക്ട് കമ്മിറ്റി അംഗങ്ങളുടെ ശ്രദ്ധക്ക് വിഷയീഭവിക്കുമെന്നു ഞാൻ വിശ്വസിക്കുന്നു. ഈ ബിൽ ഇപ്പോൾ തന്നെ ഒരു സെലക്ട് കമ്മിറ്റിക്ക് അയക്കണമെന്നാണ് എന്റെ അഭിപ്രായം.

Mr. Deputy Speaker: The question is that the Travancore-Cochin Suppression of Immoral Traffic Bill be referred to a Select Committee consisting of the Hon'ble Members whose names have been suggested by the Minister in charge of the Bill.

The motion was put and carried.

The Travancore—Cochin Hackney Carriages Bill

Chief Minister **(Sri. T. K. Narayana Pillai):** Sir, the Travancore-Cochin Hackney Carriages Bill may be taken up afterwards.

No objection having beeen raised, the request was granted.

The Travancore-Cochin Forest Bill

Minister for Education Labour and Civil Supplies **(Sri. Panampilli Govinda Menon):** Sir, I beg to introduce the Travancore-Cochin Forest Bill.

Mr. Deputy Speaker: The Bill is introduced.

Sri. Panampilli Govinda Menon: Sir, I move that this bill be referred to a Select Committee. After the motion is passed, I shall give out the names of the members of the Select Committee.

Minister for Finance and Revenue **(Sri. A. J. John):** I second the motion.

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ഈ ബിൽ ഒരു സംയോജന ബില്ലാണ്. തിരുവിതാംകൂറിലും കൊച്ചിയിലും ഓരോ ഫാറസ്റ്റ് ആക്ട് നിലവിലുണ്ട്. ഈ ആക്ടുകളും സംയോജിപ്പിച്ച് ഈ സംസ്ഥാനത്തിനു മുഴുവൻ ബാധകമാകുന്ന ഒരേ ഒരു നിയമം ഉണ്ടാക്കണമെന്നുള്ളതാണ്, ഈ ബില്ലിന്റെ പ്രധാനമായ ഉദ്ദേശം.

തിരുവിതാംകൂറിലേയും കൊച്ചിയിലേയും ഫാറസ്റ്റ് നിയമങ്ങളിൽ അല്പസ്വല്പം ചില വ്യത്യാസങ്ങളുണ്ട്. അങ്ങിനെ വ്യത്യാസങ്ങളുള്ള സന്ദർഭങ്ങളിലെല്ലാം സാമാന്യേന തിരുവിതാംകൂറിൽ ഇന്നു നിലവിലുള്ള ഫാറസ്റ്റ് ആക്ടാണ് ഈ ബില്ലിൽ അംഗീകരിച്ചിട്ടുള്ളത്. എട്ടാം അദ്ധ്യായം തിരുവിതാംകൂർ വിഭാഗത്തെമാത്രം സംബന്ധിക്കുന്ന ഒരു നിയമമാണ്. അതു ഇപ്പോൾ തിരുവിതാംകൂർ ആക്ടിലുണ്ട്. ഈ വിധത്തിലുള്ള ഒരു നിയമവ്യവസ്ഥ കൊച്ചിയെ സംബന്ധിച്ചിടത്തോളം ആവശ്യമില്ലാത്തതുകൊണ്ട് ഈ എട്ടാം അദ്ധ്യായം തിരുവിതാംകൂർ വിഭാഗത്തേക്കുമാത്രം ബാധകമായിട്ടുള്ളതാണ്. ഇതു രാജകീയവൃക്ഷങ്ങളെ സംബന്ധിച്ചുള്ളതാണ്. രാജകീയവൃക്ഷങ്ങൾ ഏതു വ്യവസ്ഥയിലാണ് കടിയാന്മാർക്ക് വെട്ടിയെടുക്കുവാനുള്ള സൗകര്യം കൊടുക്കേണ്ടതെന്ന കാര്യമാണ് ഈ അദ്ധ്യായത്തിൽ ഉൾക്കൊള്ളിച്ചിട്ടുള്ളത്.

ഈ ബില്ലിലെ സാമാന്യ തത്വങ്ങളെപ്പറ്റി പറയുകയാണെങ്കിൽ ഇതിൽ പുതിയതായി ഒന്നുംതന്നെയില്ല. സെലക്ട് കമ്മിറ്റി സാവകാശമായി ആലോ

LIBRARY ARCHIVES Kerala Legislative Assembly